

വിശകലനം/
ഫഹ്മീ ഹുവൈദി

# പശ്ചിമേഷ്യയിലെ 'വമ്പൻ നയംമാറ്റം'

**മധ്യപൗരസ്ത്യനാടുകളിൽ** അമേരിക്ക നടത്താനുദ്ദേശിക്കുന്ന നീക്കങ്ങളെക്കുറിച്ച് ഈയിടെ സെയ്മുർ ഹർഷ് പുറത്തുവിട്ട വിവരങ്ങൾ അത്യന്തം അപകടകരമാണ്. ഇതുസംബന്ധമായ പല കാര്യങ്ങളും ഇപ്പോഴും രഹസ്യമാക്കി വെച്ചിരിക്കുന്നതിനാൽ അതിനെ ചുറ്റിപ്പറ്റിയും എണ്ണമറ്റ സംശയങ്ങൾ ഉയരുന്നുണ്ട്. അടിസ്ഥാനരഹിതമെന്ന് പറഞ്ഞ് തള്ളിക്കളയാവുന്നതല്ല ഈ പ്രശസ്ത അമേരിക്കൻ പത്രപ്രവർത്തകന്റെ വെളിപ്പെടുത്തലുകൾ. അറബ്മേഖലയിൽ അമേരിക്ക നടത്തുന്ന വൃത്തികെട്ട കളികൾ ഇന്ന് എല്ലാവരുടെ നാവിലും പാട്ടാണ്. എന്നാൽ സെയ്മുർ ഹർഷിനെപ്പോലുള്ള ഒരാൾ ആ ജീർണതകൾ പുറത്തുകൊണ്ടുവരുമ്പോൾ അതിന്റെ ഗൗരവവും പ്രാധാന്യവും വർധിക്കുന്നു. അമേരിക്കൻ രാഷ്ട്രീയത്തിന്റെ പിന്നാമ്പുറങ്ങളെക്കുറിച്ച് നല്ല ധാരണയുള്ളതുകൊണ്ടോ വസ്തുതകൾ ചികഞ്ഞെടുക്കുന്നതിലുള്ള അന്യാദൃശമായ കഴിവുകൊണ്ടോ മാത്രമല്ല അദ്ദേഹത്തിന്റെ വിശകലനങ്ങൾ ശ്രദ്ധേയമാവുന്നത്. കഴിഞ്ഞ നാൽപതു വർഷമായി തന്റെ തൂലികകൊണ്ട് അതിക്രമങ്ങൾക്കും ജീർണതകൾക്കുമെതിരെ പൊരുതുന്ന മാതൃകായോഗ്യനായ പത്രപ്രവർത്തകൻ ആയതുകൊണ്ട് കൂടിയാണ്.

എന്താണ് സെയ്മുർ ഹർഷ് പറഞ്ഞത്?

തന്റെ അനുഭവ പരിജ്ഞാനത്തിന്റെയും തനിക്ക് കിട്ടിയ വിവരങ്ങളുടെയും അടിസ്ഥാനത്തിൽ മധ്യപൗരസ്ത്യ മേഖലയിലെ ഏറ്റവും പുതിയ അമേരിക്കൻ രാഷ്ട്രീയ തന്ത്രങ്ങളിലേക്ക് വെളിച്ചം വീശുകയാണ് 2007 മാർച്ച് 5-ന് *ന്യൂയോർക്കർ* വാരികയിൽ അദ്ദേഹം എഴുതിയ ലേഖനത്തിൽ. ഇപ്പോഴത്തെ സംഭവവികാസങ്ങളുടെ പശ്ചാത്തലത്തിൽ അമേരിക്ക മേഖലയിൽ പുതിയൊരു പരീക്ഷണത്തിന് ഒരുങ്ങുകയാണ്. ഈ നില തുടർന്നാൽ അമേരിക്ക രണ്ട് ഭീഷണികൾ നേരിടേണ്ടിവരുമെന്നാണ് അമേരിക്കൻ രാഷ്ട്രീയ നിരീക്ഷകരുടെ അഭിപ്രായം. ഒന്ന്, ഇറാഖിലെ എണ്ണയുടെ മേൽ അമേരിക്കക്കുള്ള മേധാവിത്വം ചോദ്യംചെയ്യപ്പെടും. അത് അറബ്മേഖലയിൽ ചലനങ്ങളുണ്ടാക്കും. രണ്ട്, ഇസ്രയേലിന്റെ കണക്കുകൂട്ടലുകൾ തെറ്റും. അത് മേഖലയിലെ ശാക്തികസന്തുലനത്തെ തകിടം മറിക്കും. ഈ രണ്ട് ഭീഷണികളുടെയും ഉത്ഭവം ഇറാനായിരിക്കുമെന്നാണ് ഈ രാഷ്ട്രീയ നിരീക്ഷകരുടെ കണ്ടെത്തൽ. അതിനാൽ ഇറാനെ കടന്നാക്രമിച്ച് അതിനെ ദുർബലമാക്കുകയോ കാൽക്കീഴിൽ കൊണ്ടുവരികയോ ആണ് ഈ പുതിയ രാഷ്ട്രീയ നീക്കത്തിന്റെ മർമം. 'നയരൂപീകരണത്തിലെ വമ്പൻ മാറ്റം' ആയി ഇത് വിശേഷിപ്പിക്കപ്പെട്ടു. 2006 അവസാനത്തിൽ തന്നെ ഈ പദ്ധതിയുടെ കരട് തയാറായിരുന്നു.

അമേരിക്കൻ കോൺഗ്രസ്സിലെ വിദേശ നയതന്ത്രസമിതിയിൽ വിദേശകാര്യ സെക്രട്ടറി കോണ്ടലിസ റൈസ് കഴിഞ്ഞ ഡിസംബറിൽ നടത്തിയ പ്രസ്താവനയിൽ, 'മധ്യപൗരസ്ത്യ മേഖലയിൽ പുതിയ തന്ത്രപരമായ സഖ്യം' രൂപം കൊള്ളുന്നതായി സൂചിപ്പിച്ചിരുന്നു. ഈ സഖ്യം നിലവിൽ വരുന്നതോടെ 'പരിഷ്കരണവാദികളും' 'തീവ്രവാദികളും' വേർതിരിക്കപ്പെടും. സുന്നീ രാഷ്ട്രങ്ങളാണ് മിതമായ നിലപാട് കൈക്കൊള്ളുന്ന കേന്ദ്രങ്ങളെന്നും റൈസ് വ്യക്തമാക്കി. വിഭജനത്തിന്റെ എതിർ പക്ഷത്തുള്ളത് ഇറാൻ, സിറിയ, പിന്നെ ഹിസ്ബുല്ല....

വിദേശനയത്തിലെ ഈ മൗലിക മാറ്റം അമേരിക്ക പരസ്യമാക്കിയിട്ടില്ലെന്നും സെയ്മുർ ഹർഷ് പറയുന്നു. ഒരു എണ്ണയുൽപാദക അറബ് രാഷ്ട്രത്തിന് ഫണ്ട് നൽകി അവർ മുഖേനയോ, അല്ലെങ്കിൽ അമേരിക്കൻ കോൺഗ്രസ്സിലെ സാധാരണമല്ലാത്ത സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിയോ ആയിരിക്കും ഈ രഹസ്യനയം പ്രയോഗവത്കരിക്കാൻ ശ്രമിക്കുക. ഈ പദ്ധതിക്ക് വേണ്ടി പിന്നിൽനിന്ന് കരുക്കൾ നീക്കുന്നത് അമേരിക്കൻ വൈസ് പ്രസിഡന്റ് ഡിക് ചെനി, ദേശീയ സുരക്ഷാ സഹ ഉപദേഷ്ടാവ് എലിയറ്റ് അബ്രാംസ്, ഇറാഖിലെ അമേരിക്കൻ അംബാസഡർ സൽമയ് ഖലീൽ സാദ്, ഒരു അറബ് രാഷ്ട്രത്തിന്റെ ദേശീയ സുരക്ഷാ ഉപദേഷ്ടാവ് എന്നിവരാണത്രെ. പദ്ധതിയുടെ പരസ്യമാക്കപ്പെട്ട ഭാഗങ്ങൾ മുന്നോട്ട് നീക്കുന്ന ചുമതല കോണ്ടലിസക്കാണ്. പദ്ധതിയുടെ രഹസ്യ അജണ്ടകളുടെ ചുമതല ഡിക് ചെനിക്കും (വൈറ്റ് ഹൗസും ചെനിയുടെ ഓഫീസും ഇക്കാര്യത്തിൽ എന്തെങ്കിലും പറയാൻ വിസമ്മതിച്ചു).

ഒരു അറബ്രാഷ്ട്ര വക്താവ് അമേരിക്കൻ പ്രതിനിധികളുമായി നടത്തിയ ചർച്ചകളിൽനിന്നാണ് ഈ തന്ത്രംമാറ്റലിന്റെ തുടക്കം എന്നും സെയ്മുർ ഹർഷ് എഴുതുന്നു. മേഖലയിൽ ഇസ്രയേലിനേക്കാൾ ഭീഷണി ഇറാനാണെന്നാണ് ചർച്ചയിൽ ഉരുത്തിരിഞ്ഞ നിഗമനം. ശീഈ ഉയിർത്തെഴുന്നേൽപും ഇറാനും ഉയർത്തുന്ന ഭീഷണി വെച്ചുനോക്കുമ്പോൾ, സുന്നീ പക്ഷത്തെ തീവ്രവാദം, അത് അൽഖാഇദക്കാരുടേതാണെങ്കിൽ പോലും, അത്ര കാര്യമാക്കാനില്ലത്രെ. ഏറ്റവും ചുരുങ്ങിയത് പശ്ചിമേഷ്യയിലെങ്കിലും ഭീകരതാ വിരുദ്ധയുദ്ധം ഇറാൻവിരുദ്ധ യുദ്ധത്തിന് വഴിമാറുകയാണ് എന്നർഥം.

'തിന്മയുടെ ഉറവിടം' ഇറാനാണെന്നാണ് ഈ വിശകലനം ധ്വനിപ്പിക്കുന്നത്. തങ്ങളുടെ ആണവ മേധാവിത്വത്തിന് ഭീഷണി ഉയർത്തുന്ന രാഷ്ട്രം എന്ന നിലക്ക് ഇസ്രയേലും ഒരു ശീഈ രാഷ്ട്രം എന്ന നിലയിൽ അറബ്പക്ഷവും ഇറാനെ നോക്കിക്കാണുമ്പോൾ അത് ഇരുകൂട്ടരുടെയും മുഖ്യ ഉന്നമായിത്തീരുന്നു. ഇറാനെ തകർക്കേണ്ടത് അവരുടെ ആവശ്യമായിത്തീരുന്നു. ഇരുപക്ഷവും ഈ തീരുമാനത്തിലെത്തുന്നത് വ്യത്യസ്ത കാരണങ്ങളാലാണ് എന്നു മാത്രം. ഈ ലക്ഷ്യം സാധിക്കാൻ പലതരം മാർഗങ്ങളാണ് സ്വീകരിക്കുക. ശീഈ-സുന്നീ ശീതയുദ്ധം ഊതിക്കത്തിക്കുന്നത് (ഈ പ്രയോഗം ഇസ്രയേലിലെ മുൻ അമേരിക്കൻ

അംബാസഡർ മാർട്ടിൻ ആൻഡിക്കിൽ നിന്ന് കടംകൊണ്ടതാണ്) മുതൽ ഇറാനെ സൈനികമായി ആക്രമിക്കുന്നതു വരെയുള്ള പല ഘട്ടങ്ങൾ. ഈ നീക്കങ്ങൾക്കൊക്കെ ചില തയാറെടുപ്പുകളും മണ്ണൊരുക്കവും പ്രാഥമികമായി നടക്കേണ്ടതുണ്ട്. അതിപ്പോൾ ഊർജിതമായി നടന്നുകൊണ്ടിരിക്കുന്നു. അതിന്റെ മുഖ്യ റോൾ ഏറ്റെടുത്തിരിക്കുന്നത് വാർത്താമാധ്യമങ്ങളാണ്. ഇറാഖും സിറിയയും ലബനാനിലെ ഹിസ്ബുല്ലയും ഒത്തുചേർന്നുള്ള ഒരു 'ശീഈ ചന്ദ്രക്കല'യെക്കുറിച്ചായിരിക്കും ചിലപ്പോൾ ഈ മാധ്യമങ്ങൾ നമുക്ക് മുന്നറിയിപ്പ് നൽകുക. മറ്റു ചിലപ്പോൾ ശീഈ ആശയം സുന്നീ ലോകത്ത് അതിവേഗം പ്രചരിച്ചുകൊണ്ടിരിക്കുന്നു എന്നു പറയും. പ്രവാചകപത്നിയെയും അനുചരന്മാരെയും ഇകഴ്ത്തുന്ന ശീഈ ആത്യന്തികവാദികളുടെ വാക്കുകൾ ഉയർത്തിക്കാട്ടിയായിരിക്കും മറ്റു ചിലപ്പോൾ പ്രചാരണം. ഇത്തരം പേടികൾ ജനമനസ്സുകളിൽ വേരുറക്കുന്നതിന് അത്തരം വിഷയങ്ങൾ പ്രതിപാദിക്കുന്ന പഴയ കിതാബുകൾ പൊടിതട്ടി പുനഃപ്രസിദ്ധീകരിക്കാൻ തുടങ്ങിയിട്ടുണ്ട്. ഇത്തരം കാര്യങ്ങൾക്ക് വേണ്ടി പ്രത്യേകം പേജുകൾ നീക്കിവെക്കുന്ന പത്രങ്ങളും ഉണ്ട്. പഴയ തർക്കങ്ങളുടെ പൂട്ടിവെച്ച ഫയലുകൾ തുറക്കുന്ന ചില ടി.വി പ്രോഗ്രാമുകളും കാണാനിടയായി. അങ്ങനെ ഭൂതകാലത്തിന്റെ കയ്പുകളുടെ പുനഃസംപ്രേഷണം നടന്നുകൊണ്ടിരിക്കുകയാണ്. ശീഈകൾ മുസ്‌ലിം സമുദായത്തിനു പുറത്താണെന്ന പഴയ ശീഈവിരുദ്ധ പ്രചാരവേലകൾക്കും ജീവൻ വെച്ചിരിക്കുന്നു. ഇവക്ക് ശക്തി പകരാനായി പൊടുന്നനെ ചില ടി.വി ചാനലുകളും പുതുതായി പ്രത്യക്ഷപ്പെട്ടു. ഇന്റർനെറ്റിലേക്ക് എത്തിയാൽ ഈ പ്രചാരവേലകൾ ഏറ്റെടുത്ത അസംഖ്യം സൈറ്റുകൾ നിങ്ങളുടെ കണ്ണിൽ പെടും.

ഇറാന് പറ്റിയ അബദ്ധങ്ങളും ശീഈ ആത്യന്തികവാദികളുടെ വാക്കുകളും നിലപാടുകളും ശീഈവിരുദ്ധ പ്രോപഗണ്ടക്ക് ഊർജം പകരുന്നുണ്ടെന്ന കാര്യവും നിഷേധിച്ചുകൂടാ. ചരിത്രത്താളുകൾ ചികഞ്ഞ് ശീഈ-സുന്നീ ആത്യന്തികവാദികളുടെ ആരോപണ പ്രത്യാരോപണങ്ങൾ പുനഃസൃഷ്ടിക്കുന്നതിൽ പുതുമയൊന്നുമില്ല. ഇരുവിഭാഗം തീവ്രവാദികളും മുൻകാലങ്ങളിലെടുത്ത നിലപാടുകൾ അവരുടെ വിവേകശൂന്യതക്കും വിവരമില്ലായ്മക്കും അൽപദൃഷ്ടിക്കും ദൃഷ്ടാന്തങ്ങളാണ്. പക്ഷേ ഇപ്പോൾ അതേ തർക്കങ്ങളെ പുനഃസൃഷ്ടിക്കുന്നത് അമേരിക്കയുടെയും ഇസ്രയേലിന്റെയും താൽപര്യങ്ങൾ സംരക്ഷിക്കാനും സുന്നികളെയും ശീഈകളെയും ഒരുപോലെ കാൽചുവട്ടിൽ നിർത്താനുമാണ്. വിവേകശൂന്യതയും വിവരമില്ലായ്മയും അൽപദൃഷ്ടിയും മാത്രമല്ല, ശത്രുവിന്റെ കുതന്ത്രങ്ങളും ദുഷ്ടലാക്കുകളും കൂടി ഇവിടെ വെളിപ്പെടുന്നു.

മറ്റൊരു നിലക്ക് കൂടി അമേരിക്ക പടയൊരുക്കം നടത്തുന്നുണ്ട്. അതായത് ഇറാനെതിരെ മിതനിലപാടുകളുള്ള സുന്നീ രാഷ്ട്രങ്ങളുടെ കൂട്ടായ്മ. പുതിയ അണിയൊരുക്കം എന്നാണിത് വിശേഷിപ്പിക്കപ്പെടുന്നത്. 'പരിഷ്കരണവാദി'കളെയും 'തീവ്രവാദി'കളെയും വെവ്വേറെ നിർത്തും. ഇതു സംബന്ധമായ ചർച്ച ചില അറബ് തലസ്ഥാനങ്ങളിലും ഇന്ത്യൻ സമുദ്രത്തിനപ്പുറത്തുള്ള ഇസ്‌ലാമാബാദിലും നടന്നു എന്നാണ് സെയ്മുർ ഹർഷ് പറയുന്നത്.

മറുവശത്ത് സൈനികാക്രമണത്തിനുള്ള സന്നാഹങ്ങളും അതിവേഗം ഒരുക്കിക്കൊണ്ടിരിക്കുന്നു. ഇറാഖിൽ അമേരിക്കക്കെതിരായ പോരാട്ടത്തിൽ ഇറാന് പങ്കുണ്ടെന്ന ആരോപണം ഇതിന്റെ ഭാഗമാണ് (ഇറാൻ ഇറാഖിലേക്ക് ആയുധങ്ങൾ കട്ടുകടത്തിയതിന് തെളിവുണ്ടെന്ന് ഒരു അമേരിക്കൻ ഉദ്യോഗസ്ഥൻ പറഞ്ഞപ്പോൾ, അതിന് തെളിവില്ലെന്ന് മറ്റൊരു ഉയർന്ന അമേരിക്കൻ ഉദ്യോഗസ്ഥൻ നിഷേധിച്ചു). അമരിക്കൻ സൈന്യം ഇറാഖിൽ നൂറു കണക്കിന് ഇറാനികളെ (ഒറ്റയടിക്ക് 500 പേരെ വരെ) അറസ്റ്റ് ചെയ്യുകയും ചില ഇറാനി നയതന്ത്രജ്ഞരെ തടഞ്ഞു വെക്കുകയുമുണ്ടായി. അർബീലിലെ ഇറാനി കോൺസുലേറ്റിലേക്ക് തള്ളിക്കയറി അവിടത്തെ ഉദ്യോഗസ്ഥന്മാരെ ബന്ദികളാക്കി. കൂടാതെ ഇറാനിനകത്ത് നശീകരണ പ്രവർത്തനങ്ങൾക്കായി അമേരിക്കൻ രഹസ്യാന്വേഷണ വിഭാഗങ്ങൾ പ്രത്യേക സംഘങ്ങളെ തയാറാക്കിക്കൊണ്ടിരിക്കുന്നു. ഇറാനിൽ തകർക്കപ്പെടേണ്ട സൈനിക-ആണവ ലക്ഷ്യങ്ങൾ അമേരിക്കൻ-ഇസ്രയേലീ ഇന്റലിജൻസ് കൃത്യമായി നിർണയിക്കുകയും ചെയ്തിട്ടുണ്ട്.

ലഭ്യമായ വിവരങ്ങളനുസരിച്ച് കഴിഞ്ഞ വർഷം ഒടുവിൽ തന്നെ ഇറാൻ ആക്രമിക്കാൻ അമേരിക്കൻ പ്രസിഡന്റ് ബുഷ് പദ്ധതി തയാറാക്കിയതായിരുന്നു. പ്രസിഡന്റിന്റെ അനുമതി ലഭിച്ച് 24 മണിക്കൂറിനകം ഇറാനിലെ നിർദിഷ്ട കേന്ദ്രങ്ങൾ തകർക്കാൻ ഉയർന്ന ഉദ്യോഗസ്ഥരടങ്ങുന്ന ഒരു പ്രത്യേക സൈനിക വിംഗിനും ബുഷ് രൂപം നൽകുകയുണ്ടായി. ഏത് ആജ്ഞയും ഉടനടി നടപ്പിലാക്കാൻ *ഐസൻഓവർ, സ്റ്റെന്നിസ്* എന്നീ അമേരിക്കൻ കപ്പലുകൾ അറേബ്യൻ സമുദ്രത്തിൽ നങ്കൂരമിട്ടുനിൽക്കുകയും ചെയ്യുന്നു. സൈനികാക്രമണത്തിന് അനുകൂലമായ അന്തരീക്ഷമൊരുക്കാൻ ഇറാന്റെ കൈയിൽ കൂട്ടനശീകരണായുധങ്ങളുണ്ടെന്ന് ആരോപിക്കുകയും ചെയ്തു (ഇറാഖിന്റെ തനിയാവർത്തനം!). വസന്തകാലത്തിന്റെ ആഗമനത്തോടെ നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്ന ആക്രമണ പരിപാടി നടക്കാതെ പോയത് ചില മുതിർന്ന സൈനികോദ്യോഗസ്ഥന്മാരുടെ ഇടപെടൽ കാരണമായിരുന്നുവെന്ന് സെയ്മുർ ഹർഷ് എഴുതുന്നു. ഇറാഖിൽ കാണിച്ച മണ്ടത്തരം ഇറാനിൽ ആവർത്തിക്കരുതെന്നും 2008-ൽ നടക്കാനിരിക്കുന്ന അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ ഡെമോക്രാറ്റുകളെ നേരിടുന്നതിന് അത് പ്രയാസങ്ങളുണ്ടാക്കുമെന്നും അവർ മുന്നറിയിപ്പ് നൽകി.

തന്റെ ലേഖനത്തിൽ അമേരിക്കൻ ആക്രമണപദ്ധതിയെക്കുറിച്ചും അതിൽ അറബ്‌ലോകം വഹിക്കുന്ന പങ്കിനെക്കുറിച്ചും വിസ്തരിക്കുന്ന സെയ്മുർ ഹർഷ്, പദ്ധതിയുടെ രഹസ്യമാക്കിവെച്ച ഭാഗത്തിന്റെ ചുമതല വൈസ് പ്രസിഡന്റ് ഡിക് ചെനിക്കാണെന്നും പറയുന്നുണ്ട്. എന്റെ ചോദ്യമിതാണ്: പരസ്യമാക്കിയത് തന്നെ ഇത്രത്തോളമാണെങ്കിൽ, രഹസ്യമാക്കിവെച്ചത് എത്രത്തോളമുണ്ടാവും? ■